# പട്ടിണിമരണങ്ങൾ നിത്യവും നടക്കുന്നുണ്ട്

**നാൻസി**

**പ**ട്ടിണി മൂലം കേരളത്തിൽ ആളുകൾ മരിക്കുന്നുവെന്ന വാർത്ത പുറത്തുവന്നപ്പോൾ വിശ്വസിക്കാൻ പ്രയാസപ്പെട്ടവരും പരിഹസിച്ചവരുമുണ്ട്. പുറമേ ഇത്ര സമ്പന്നമായി കാണുന്ന നമ്മുടെ നാട്ടിൽ പട്ടിണി മരണത്തിന്റെ സാധ്യതയിലാണ് പലർക്കും സംശയം ഉണ്ടായത്. ചുറ്റിലും നോക്കിയാൽ എവിടെ പട്ടിണി? സാധാരണക്കാർപോലും പാർക്കുന്നത് കോൺക്രീറ്റ് വീടുകളിൽ. ടെലിവിഷനും മിക്സിയും ഫ്രിഡ്ജും - ഇങ്ങനെ കഴിവിനനുസരിച്ചും അല്ലാതെയും വാങ്ങിക്കൂട്ടുന്ന വീട്ടുപകരണങ്ങൾ. തീവിലയുള്ള ചോക്ലേറ്റ് ബാറുകൾ രുചിച്ചു നടക്കുന്ന കുട്ടികൾ. ഗതിയില്ലെങ്കിലും നല്ല ഫീസ് കൊടുത്ത് പിഞ്ചുമക്കളെ ടൈയും ഷൂസും കെട്ടിച്ച് സ്കൂൾ ബസിൽ കയറ്റി പഠിക്കാൻ വിടുന്ന അച്ഛനമ്മമാർ. പട്ടിണിയുണ്ടെങ്കിൽ ഇങ്ങനെയാക്കെയാണോ?

ജനകീയാസൂത്രണം പാളിയതിനു തെളിവ് എന്നുപറഞ്ഞ് ഭരണപക്ഷത്തെ പ്രതിക്കൂട്ടിൽ നിർത്താൻ കിട്ടിയ അവസരമായിരുന്നിട്ടും പട്ടിണി മരണം പ്രതിപക്ഷം 'ആഘോഷി'ച്ചില്ല. എന്തുകൊണ്ട്? പട്ടിണിക്കാര്യം തിരിഞ്ഞുകുത്തുമെന്ന് പ്രതിപക്ഷത്തിനറിയാം. ഈ പ്രതിപക്ഷം പണ്ടത്തെ ഭരണപക്ഷമായിരുന്നല്ലോ. പട്ടിണി പണ്ടേയുണ്ടെന്ന് ഭരണപക്ഷം സമർഥിച്ചാൽ ജനം തങ്ങൾക്കെതിരേ തിരിയും. വെളുക്കാൻ തേച്ചത് പാണ്ടാവരുതല്ലോ. പ്ലസ് ടു വിന്റെ പേരിൽ പോരിനിറങ്ങിയ പ്രതിപക്ഷവും ബി.ജെ.പിയുമൊന്നും പട്ടിണിക്കാർക്കായി തെരുവിലിറങ്ങിയില്ല. ഇറങ്ങുകയുമില്ല. ഭരണപക്ഷമാകട്ടെ, പട്ടിണി മരണങ്ങൾ നടന്നിട്ടില്ല എന്നും പ്രസ്താവനയിറക്കി.

നിരാഹാരം കിടന്നു മരിക്കുന്നതുപോലുള്ള ഒന്നാണ് പട്ടിണി മരണമെന്ന ധാരണയാണ് നമുക്ക്. പട്ടിണിയുടെ മുൻഗാമിയായ ദാരിദ്ര്യത്തെ നമ്മൾ വാർത്തയ്ക്കു മുന്നിൽ കൊണ്ടുവരാത്തതെന്താണ്?

വൃത്തിയും വെടിപ്പുമുള്ളിടത്തു മാത്രം കണ്ണുകൾ പതിപ്പിക്കാതെ നാം തിരയേണ്ടതുണ്ട്- കേരളത്തിന്റെ ജീർണമായ കോണുകളിൽ, പാരമ്പര്യ തൊഴിലുകൾ അസ്തമിച്ചുപോയ സമൂഹങ്ങളിൽ, തോട്ടം തൊഴിൽ മേഖലയിൽ, ആദിവാസികളുടെ ഊരുകളിൽ.

ഉപഭോഗഭ്രമത്തിൽ നമ്മൾ തിരസ്കരിച്ച കുറേ തൊഴിൽ മേഖലകൾ ഇവിടെയുണ്ട്. അവർ എങ്ങിനെ ജീവിക്കുന്നു? ഓട് വ്യവസായം തകർന്നുകൊണ്ടിരിക്കുന്നു. മൺപാത്ര നിർമ്മാണം ഏതാണ്ട് അസ്തമിച്ചു. കയർ, കശുവണ്ടി, കൈത്തറി മേഖലയിൽ തൊഴിൽ ദിനങ്ങളും ദിവസ വേതനവും തുച്ഛം. മുമ്പ് നാട്ടിൻപുറങ്ങളിൽ പായയും പൂക്കുടയും കുട്ടയും മുറവും നെയ്ത് വീടുകളിൽ നടന്നുവിറ്റ് ഉപജീവനം നടത്തുന്നവരുണ്ടായിരുന്നു. കവുങ്ങിൻ പട്ടകൊണ്ട് മാച്ചിൽ കെട്ടി വില്ക്കുന്നവരുണ്ടായിരുന്നു. അവർക്കെല്ലാം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു. എങ്ങിനെ?

പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്കു മുന്നിൽ നാടൻ കരവിരുതുകൾ മിക്കതും വഴിമാറി. പരമ്പരാഗത വ്യവസായ ഉത്പന്നങ്ങളോട് ഇമ്പം കുറഞ്ഞു ജനങ്ങൾക്ക്. ഇതുമൂലം സംഭവിച്ച ജീവിത നിലവാര തകർച്ച ആരെങ്കിലും അളന്നിട്ടുണ്ടോ.

വയനാട്ടിലെയും അട്ടപ്പാടിയിലെയും ആദിവാസി കേന്ദ്രങ്ങളിൽ തികഞ്ഞ ദാരിദ്ര്യമാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പഞ്ഞമാസങ്ങളിൽ വറുതിയാണ്. ഹൈറേഞ്ചുകളിലെ തോട്ടം തൊഴിലാളികളിൽ ഭൂരിപക്ഷവും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരാണ്.

കേരളത്തിലെ ജീവിത സൂചിക വളരെ ഉയർന്നതാണ്. ഉപഭോഗ സംസ്കാരത്തിന്റെ പ്രലോഭനങ്ങളിൽ വീഴാതെ നമുക്ക് ജീവിക്കാൻ വയ്യാത്ത സാഹചര്യമാണ്. തൊട്ടതിനെല്ലാം തീവിലയാകുമ്പോൾ കൂലിപ്പണം ജീവിക്കാൻ തികയാതെ വരുന്നു. പ്രലോഭനങ്ങൾക്കും പണമില്ലായ്മയ്ക്കുമിടയിൽ ചാഞ്ചാടേണ്ടിവരുന്ന മനുഷ്യന് കിട്ടുന്നത് അരവയർ മാത്രം നിറഞ്ഞ ജീവിതമാണ്. ഒപ്പം രോഗങ്ങളും പോഷകാഹാരക്കുറവും.

രോഗചികിത്സ വളരെ വിലയേറിയതായി മാറിക്കഴിഞ്ഞിട്ടുണ്ട്. സങ്കീർണമായ പുതിയ രോഗങ്ങളും പ്രത്യക്ഷപ്പെടുന്നു. തുച്ഛമായ കൂലി വാങ്ങുന്നവരും തൊഴിൽ ദിനങ്ങൾ കുറഞ്ഞവരുമായ കേരളത്തിലെ ലക്ഷക്കണക്കായ ജനങ്ങൾക്കു രോഗചികിത്സ കൈപ്പിടിയിലൊതുങ്ങാത്ത കാര്യമായി തീർന്നിരിക്കുന്നു. തൊഴിൽജന്യ രോഗങ്ങൾക്കു ചികിത്സിക്കാതെ വീണ്ടും അതേ തൊഴിലിലേർപ്പെട്ട് ജീവച്ഛവങ്ങളായി നരകിക്കുന്നവരെ എത്ര വേണമെങ്കിലും കാണാം.

ദരിദ്ര ജനവിഭാഗങ്ങളിൽ ഇന്നു സംഭവിക്കുന്ന 75 ശതമാനം സ്വാഭാവിക മരണങ്ങൾക്കും മൂലകാരണം സാമ്പത്തികശേഷിയില്ലായ്മയാണ്.

പട്ടിണി മരണത്തിനു മൂലകാരണം ദാരിദ്ര്യമാണെങ്കിൽ ദാരിദ്ര്യത്തിന്റെ പാർശ്വവർത്തിയാണ് പോഷകാഹാരക്കുറവ്. ഇക്കാരണത്താൽ പതുക്കെ പതുക്കെ മരിക്കുന്ന നിരവധി പേരുണ്ട്. ഈ മരണങ്ങളും പട്ടിണി മരണം തന്നെയല്ലേ. ദാരിദ്ര്യത്തിന്റെ ഏറ്റവും കടുത്ത രൂപമാണല്ലോ വയറ് വിശന്നു വിശന്നു മരിക്കൽ. പോഷകാഹാരമില്ലാതെ എല്ലും തോലുമായ ജീവരൂപങ്ങളെ നാം പട്ടിണിക്കോലങ്ങൾ എന്നു വിളിക്കുന്നു. ഈ 'കോലങ്ങൾ'ക്ക് ഒരുനാൾ ശ്വാസം നിലയ്ക്കുമ്പോൾ അതിനെ പട്ടിണി മരണമെന്നു വിളിക്കുമോ. എങ്കിൽ കേരളത്തിൽ പ്രതിദിനം പട്ടിണിമരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ബോണാക്കട്ടെ ഒരു മരണവും, അച്ചൻകോവിൽ പ്രിയ എസ്റ്റേറ്റിലെ നാലു മരണങ്ങളും തൃശൂർ ഒളരിക്കര ശിവരാമപുരം പട്ടികജാതി കോളനിയിലെ മരണവും വലിയ വാർത്തയായി എന്നുമാത്രം.

ന്യൂനപക്ഷം വരുന്ന സർക്കാർ ജീവനക്കാർ, ബിസിനസുകാർ, പ്രൊഫഷണലുകൾ എന്നിവരുടെ ജീവിതാവസ്ഥ മാത്രം നോക്കി "ഇവിടാർക്കും ദാരിദ്ര്യമില്ല" എന്നുപറയുന്നത് കാടടച്ചു വെടിവയ്ക്കലിനു തുല്യമാണ്. ദാരിദ്ര്യവും പട്ടിണിയും കാണണമെങ്കിൽ നിശ്ചിത വരുമാനമില്ലാത്ത നാട്ടിൻപുറങ്ങളിൽ പോകണം. അവിടെ ഗൾഫ് പണംകൊണ്ട് തീർത്ത മാളികകൾ അങ്ങിങ്ങ് കണ്ടേക്കാം. ജനകീയാസൂത്രണത്തിൽ പണിത കറുപ്പും ചെമപ്പും നിറമുള്ള കുറേ റോഡുകളും.

സൂക്ഷിച്ചുനോക്കിയാൽ മറ്റൊന്നു കൂടി കാണാം- മിഥ്യാഭിമാനത്തിന്റെ കുരുക്കിൽപെട്ട് യഥാർഥ ദാരിദ്ര്യം മൂടിവച്ച് വെള്ളപൂശിയ ചുമരുകൾക്കു മുന്നിൽ കൃത്രിമപുഞ്ചിരി തൂകുന്ന സാധാരണക്കാരെ. കാർന്നുതിന്നുന്ന രോഗത്തിനു ചികിത്സിക്കാതെ കോൺക്രീറ്റ് കെട്ടിടം പാതിയെങ്കിലും പണിത് 'അഭിമാനം' സംരക്ഷിച്ചവരെ. അവരുടെ ജീവിതത്തിലേക്ക് ചുഴിഞ്ഞിറങ്ങിയാൽ കാണുന്ന അടിയൊഴുക്കുകളിലുണ്ട് പട്ടിണിയുടെ ബീജങ്ങൾ.